**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1344** **08-12-2022 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 744 -ന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 744 -ൽ കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ നാലുവരിപാതയാക്കുന്നതിനുള്ള കിഫ്ബി പദ്ധതി 2022 ബഡ്ജറ്റ് പ്രഖ്യാപിച്ച കൊല്ലം - ചെങ്കോട്ട പാതയുടെ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള കിഫ്ബി പദ്ധതിയുടെ പശ്ചാത്തലത്തിൽ ഉപേക്ഷിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇല്ല, സ.ഉ. (സാധാ)നം. 480/2020/പൊ.മ.വ. തീയതി: 27/05/2020 പ്രകാരം ദേശീയപാത 744 ൽ കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ 3 കി.മീ. നാലുവരിപ്പാത ആക്കുന്നതിനും കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ഫ്ളൈഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിനും കിഫ്ബിയിൽ ഉൾപ്പെടുത്തി 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു, തുടർന്ന് സ.ഉ. (സാധാ)നം. 531/2020/ പൊ.മ.വ. തീയതി: 17/06/2020 പ്രകാരം ദേശീയ പാത വിഭാഗം ചീഫ് എൻജിനീയറുടെ മേൽനോട്ടത്തിൽ പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി ആയി കേരള റോഡ് ഫണ്ട് ബോർഡിനെ നിയമിച്ചു.<br><br>2022-23 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിട്ടുള്ള “Development of Thiruvananthapuram – Angamali MC Road & Kollam Chengotta Road” എന്ന പദ്ധതിയിൽ ഈ പ്രവർത്തിയിലെ ഭാഗങ്ങൾ കൂടി ഉൾപ്പെട്ടുമെന്നതിനാൽ പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് NH വിഭാഗത്തിൽനിന്നും നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് PWD ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.<br><br>പ്രസ്തുത റോഡ് ഉൾപ്പെടെയുള്ള പ്രവർത്തിക്കായി സ.ഉ. (സാധാ)നം. 1069/2022/ പൊ.മ.വ. തീയതി: 05/11/2022 പ്രകാരം 1500 കോടി രൂപയുടെ ഭരണാനുമതി തത്ത്വത്തിൽ നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തി DPR തയ്യാറാക്കുന്നതിന് പൊതുമരാമത്തു ഡിസൈൻ വിഭാഗത്തിന് നിർദ്ദേശം നൽകി തുടർനടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കൊല്ലം - ചെങ്കോട്ട പാതയുടെ വികസനത്തിനായി | (ബി) | ഇല്ല, സ.ഉ. (സാധാ)നം. 480/2020/പൊ.മ.വ. |

| | | | |
|---|---|---|---|
| | പ്രഖ്യാപിച്ചിട്ടുള്ള കിഫ്ബി പദ്ധതിയുടെ പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | തീയതി: 27/05/2020 പ്രകാരം ദേശീയപാത 744 ൽ കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ 3 കി.മീ. നാലുവരിപ്പാത ആക്കുന്നതിനും കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ഫ്ളൈഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിനും കിഫ്ബിയിൽ ഉൾപ്പെടുത്തി 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു, തുടർന്ന് സ.ഉ. (സാധാ)നം. 531/2020/ പൊ.മ.വ. തീയതി: 17/06/2020 പ്രകാരം ദേശീയ പാത വിഭാഗം ചീഫ് എൻജിനീയറുടെ മേൽനോട്ടത്തിൽ പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി ആയി കേരള റോഡ് ഫണ്ട് ബോർഡിനെ നിയമിച്ചു.<br><br>2022-23 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിട്ടുള്ള “Development of Thiruvananthapuram – Angamali MC Road & Kollam Chengotta Road” എന്ന പദ്ധതിയിൽ ഈ പ്രവർത്തിയിലെ ഭാഗങ്ങൾ കൂടി ഉൾപ്പെടുമെന്നതിനാൽ പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് NH വിഭാഗത്തിൽനിന്നും നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് PWD ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.<br><br>പ്രസ്തുത റോഡ് ഉൾപ്പെടെയുള്ള പ്രവർത്തിക്കായി സ.ഉ. (സാധാ)നം. 1069/2022/ പൊ.മ.വ. തീയതി: 05/11/2022 പ്രകാരം 1500 കോടി രൂപയുടെ ഭരണാനുമതി തത്ത്വത്തിൽ നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തി DPR തയ്യാറാക്കുന്നതിന് പൊതുമരാമത്തു ഡിസൈൻ വിഭാഗത്തിന് നിർദ്ദേശം നൽകി തുടർനടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ